# വൃക്ഷം, കല്ല് തുടങ്ങിയവകൊണ്ട് ബർക്കത്തെടുക്കൽ

അല്ലാഹുﷻ പറയുന്നു:

﴿ أَفَرَءَيْتُمُ ٱللَّٰتَ وَٱلْعُزَّىٰ ﴿١٩﴾ وَمَنَوٰةَ ٱلثَّالِثَةَ ٱلْأُخْرَىٰٓ ﴿٢٠﴾ أَلَكُمُ ٱلذَّكَرُ وَلَهُ ٱلْأُنثَىٰ ﴿٢١﴾ تِلْكَ إِذًا قِسْمَةٌ ضِيزَىٰٓ ﴿٢٢﴾ إِنْ هِىَ إِلَّآ أَسْمَآءٌ سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم مَّآ أَنزَلَ ٱللَّهُ بِهَا مِن سُلْطَٰنٍ ۚ إِن يَتَّبِعُونَ إِلَّا ٱلظَّنَّ وَمَا تَهْوَى ٱلْأَنفُسُ ۖ وَلَقَدْ جَآءَهُم مِّن رَّبِّهِمُ ٱلْهُدَىٰٓ ﴾

('ലാത്ത'യെയും 'ഉസ്സ'യെയും പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? വേറെ മൂന്നാമതായുള്ള 'മനാത്ത'യെപ്പറ്റിയും. (സന്താനമായി) നിങ്ങൾക്ക് ആണും അല്ലാഹുവിന് പെണ്ണുമാണെന്നോ? എങ്കിൽ അത് നീതിയില്ലാത്ത ഒരു ഓഹരി വെക്കൽതന്നെ. നിങ്ങളും നിങ്ങളുടെ പിതാക്കളും നാമകരണം ചെയ്ത ചില പേരുകളല്ലാതെ മറ്റൊന്നുമല്ല അവ(ദേവതകൾ). അവയെപ്പറ്റി അല്ലാഹു യാതൊരു പ്രമാണവും ഇറക്കിത്തന്നിട്ടില്ല. ഊഹത്തെയും മനസ്സുകൾ ഇച്ഛിക്കുന്നതിനെയും മാത്രമാണ് അവർ പിന്തുടരുന്നത്. അവർക്ക് തങ്ങളുടെ രക്ഷിതാവിങ്കൽനിന്ന് സന്മാർഗ്ഗം വന്നിട്ടുണ്ട് താനും.) (വി.ഖു. 53:19—23)

അബീ വാഖിദ് അൽലെയ്ഥിؓ വിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു:

خرجْنَا معَ رسولِ الله ﷺ إِلَى حُنَيْنٍ، ونَحْنُ حُدَثَاءُ عَهْدٍ بِكُفْرٍ، وَلِلمشركِينَ سِدْرَةٍ يَعكفونَ عندَها ويَنُطونَ بِهَا أَسْلحتَهم، يُقَالُ لَهَا: ذاتُ أَنْواطٍ، فمرَرْنَا بسِدْرَةٍ، فقلنا: يا رسولَ الله اجْعَلْ لَنَا ذَاتَ أَنْوَاطٍ كَمَا لَهُمْ ذَاتُ أَنْوَاطٍ. فقالَ رسول الله ﷺ: «اللهُ أكبرُ! إنَّها السننُ! قلتُمْ والذي نفسي بيده كَمَا قالتْ بنُو إسرائيلَ لِموسَى ﴿ ٱجْعَل لَّنَآ إِلَٰهًا كَمَا لَهُمْ ءَالِهَةٌ ۚ قَالَ إِنَّكُمْ قَوْمٌ تَجْهَلُونَ ﴾ لَتَرْكَبُنَّ سَنَنَ مَنْ كَانَ قَبْلَكُمْ».

“ഞങ്ങൾ നബിﷺയോടൊപ്പം ഹുനൈനിലേക്ക് പുറപ്പെട്ടു. ഞങ്ങൾ സത്യവിശ്വാസം സ്വീകരിച്ചിട്ട് വളരെ കുറച്ചേ ആയിരുന്നുള്ളു. മുശ്‌രിക്കുകൾക്ക് ഒരു ഇലന്തമരമുണ്ടായിരുന്നു. അവർ അതിന്റെയടുത്ത് ഭജനമിരിക്കുകയും അവരുടെ ആയുധങ്ങൾ അതിൽ തൂക്കിയിടുകയും ചെയ്തിരുന്നു. ‘ദാത്തു അൻവാത്'’ എന്ന പേരിലായിരുന്നു ആ വൃക്ഷം പറയപ്പെട്ടിരുന്നത്. ഞങ്ങൾ ആ മരത്തിനരികിലൂടെ നടന്നു. അപ്പോൾ ഞങ്ങൾ നബിﷺയോട് പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, അവർക്കുള്ളതു പോലെ ഞങ്ങൾക്കും ഒരു ‘ദാത്തു അൻവാത്' ’നിശ്ചയിച്ചുതരണം. അപ്പോൾ നബിﷺ പറഞ്ഞു: “അല്ലാഹു അക്ബർ, തീർച്ചയായും അത് (വൃക്ഷങ്ങളിൽ ആയുധം കൊളുത്തികൊണ്ടുള്ള ബർക്കത്തെടുക്കൽ) പൂർവ്വികരുടെ ചര്യകളാകുന്നു. എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനാണേ സത്യം; നിങ്ങൾ പറഞ്ഞത് ഇസ്രാഈൽ സന്തതികൾ മൂസയോട് പറഞ്ഞ വാക്കുപോലെയാണ്. അവർ (ഇസ്രാഈൽ സന്തതികൾ) പറഞ്ഞു: (.........ഹേ, മൂസാ, ഇവർക്ക് ദൈവങ്ങളുള്ളതുപോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നീ ഏർപ്പെടുത്തിതരണം. അദ്ദേഹം പറഞ്ഞു: തീർച്ചയായും നിങ്ങൾ വിവരമില്ലാത്ത ഒരു ജന വിഭാഗമാകുന്നു.) (വി. ഖു. 7:138) (അനന്തരം പ്രവാചകൻﷺ സ്വഹാബി കളോടു പറഞ്ഞു) “മുൻഗാമികളുടെ ചര്യകൾ നിങ്ങൾ കൊണ്ടുനട ക്കുകതന്നെ ചെയ്യും.” [1]

[1] സുനനുത്തിർമുദി. അൽബാനി ഹദീഥിനെ ‘സ്വഹീഹാ’ക്കിയിട്ടുണ്ട്.

**ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:**

- സൂറത്തുന്നജ്മിലെ ആയത്തുകളുടെ തഫ്സീർ.
- അവർ ആവശ്യപ്പെട്ട കാര്യത്തിന്റെ രൂപം മനസ്സിലാക്കൽ.
- അവർ അത് പ്രവർത്തിച്ചിട്ടില്ല.
- ആ ആവശ്യത്തിലൂടെ അവർ അല്ലാഹുﷻയിലേക്ക് സാമീപ്യം ഉദ്ദേശിക്കുകയാണ് ചെയ്തത്. കാരണം അവർ വിചാരിക്കുന്നത് അവൻ അത് ഇഷ്ടപ്പെടുന്നു എന്നാണ്.
- അവർ ഇക്കാര്യത്തിൽ അജ്ഞതയിലായെങ്കിൽ അവർ അല്ലാത്തവർ അജ്ഞതക്ക് ഏറ്റവും അർഹരാണ്.
- അവർക്ക് നന്മകളും പാപമോചന വാഗ്ദാനവും അവരല്ലാത്തവർക്കില്ലാത്ത അത്രയുമുണ്ട്.
- പ്രവാചകൻﷺ അവർക്ക് ഒഴിവ് കഴിവ് നൽകിയില്ല. പ്രത്യുത അവർക്ക് മറുപടി നൽകുകയാണ്. പ്രവാചകൻﷺ പറഞ്ഞു: "'അല്ലാഹു അക്ബർ' നിശ്ചയം അവയത്രെ ചര്യകൾ! നിങ്ങൾ നിങ്ങൾക്ക് മുമ്പുള്ളവരുടെ ചര്യകൾ പിൻപറ്റുകതന്നെ ചെയ്യും." മൂന്നുരീതിയിലുള്ള ശക്തിപ്പെടുത്തുവാനുള്ള (അറബി ഭാഷയിലെ) പ്രയോഗങ്ങൾകൊണ്ട് കാര്യം ഗൗരവമാക്കി പറഞ്ഞു.
- ഏറ്റവും വലിയ കാര്യമത്രെ ഇവിടെ ഉദ്ദേശിക്കപ്പെടുന്നത്. അഥവാ പ്രവാചകൻﷺ അവരോട് പറഞ്ഞു: അവർ പ്രവാചകൻﷺയോട് ആവശ്യപ്പെട്ടത്, ഇസ്രാഈല്യർ, മൂസാعليه السلامയോട് ആവശ്യപ്പെട്ടതു പോലെയാണ്. അവർ മൂസാعليه السلامയോട് പറഞ്ഞു: (നീ ഞങ്ങൾക്ക് ഒരു വിഗ്രഹത്തെ ഏർപ്പെടുത്തിതരണം.........) (വി.ഖു. 7:138)
- (അല്ലാഹുﷻ ശറആക്കിയ കാര്യങ്ങൾകൊണ്ടെല്ലാത്തവയിൽ 'ബർക്കത്ത്' എടുക്കുന്നതിനെ) നിരാകരിക്കൽ 'ലാ ഇലാഹ ഇല്ലല്ലാഹു' വിന്റെ ആശയത്തിൽപ്പെട്ടതാണ്. ഇത് അവർക്കു മുമ്പിൽ സൂക്ഷ്മമായതും അവ്യക്തവുമായിരുന്നു എന്നുകൂടി അറിയേണ്ടതുണ്ട്.
- മതവിധിക്കുവേണ്ടി സത്യം ചെയ്തു. പ്രവാചകൻﷺ, മസ്വലഹത്തിനുവേണ്ടിയല്ലാതെ സത്യം ചെയ്യില്ല.
- ശിർക്കിൽ വലുതും ചെറുതുമുണ്ട്. കാരണം ഈ ചോദ്യത്തിലൂടെ അവർ മതപരിത്യാഗികളായില്ല.

- ''ഞങ്ങൾ ഈ അടുത്ത് കുഫ്റിനോട് വിടപറഞ്ഞവരാണ്.'' എന്ന അവരുടെ പ്രയോഗം അവരല്ലാത്തവർ അതിൽ അജ്ഞതയിലല്ല എന്നറിയിക്കുന്നു.
- അത്ഭുതപെടുമ്പോൾ 'തക്ബീർ' മുഴക്കാം. ഇത്തരം സന്ദർഭ ങ്ങളിൽ 'തക്ബീർ' ചൊല്ലൽ വെറുക്കപ്പെട്ടതാണെന്ന് പറഞ്ഞ വർ ക്കെതിരിൽ തെളിവാണ് ഇത്.
- (പാപത്തിലേക്കുള്ള) മാർഗ്ഗങ്ങൾ കൊട്ടിയടക്കൽ.
- ജാഹിലിയ്യത്തിലെ ആളുകളോട് സാദൃശ്യം പുലർത്തുന്നതിനെ വിരോധിക്കൽ.
- പഠിപ്പിക്കുമ്പോൾ ദേഷ്യപ്പെടൽ.
- ഇതൊരു പൊതുതത്വമാണ്. കാരണം പ്രവാചകൻﷺ പറഞ്ഞു: ''നിശ്ചയം ഇവകളത്രെ ചര്യകൾ!''
- ഇത് നുബുവ്വത്തിന്റെ അടയാളങ്ങളിൽപെട്ടതാണ്. കാരണം പ്രവാചകൻﷺ പ്രവചിച്ചതുപോലെ സംഭവിച്ചു.
- യഹൂദികളേയും നസ്വാറാക്കളേയും വിശുദ്ധ ക്വുർആനിൽ അല്ലാഹുﷻ ആക്ഷേപിച്ച എല്ലാ കാര്യങ്ങളും നമുക്കും ബാധക മായവയാണ്.
- ആരാധനാകർമ്മങ്ങളുടെ അടിസ്ഥാനം (അല്ലാഹുﷻയിൽ നിന്നുള്ള) കൽപനകളാണ് എന്നത് വേദക്കാരുടെ അടുക്കലും അംഗീകൃതമായിരുന്നു. (വേദക്കാരെ പരാമർശിക്കുന്ന അബീ വാകിദ് അൽ ലെയ്ഥിؓവിൽനിന്നുള്ള ഹദീഥിൽ) ക്വബ്റിലെ ചോദ്യങ്ങളെക്കുറിച്ചുള്ള ഉണർത്തൽ ഉണ്ട്. അവയിൽ ഒന്ന്: 'ആരാണ് നിന്റെ റബ്ബ്' എന്നതാണ്. (ഹദീഥിൽ) അത് നന്നേ വ്യക്തമാണ്. എന്നാൽ 'ആരാണ് നിന്റെ നബി' എന്ന ചോദ്യം, പ്രവാചകൻﷺ 'ഗയ്ബിയ്യാ'യ വാർത്തകൾ പ്രവചിച്ചതിൽ നിന്നും മനസ്സിലാക്കാം. (കാരണം പ്രവാചകർ മാത്രമേ 'ഗയ്ബിയ്യാ'യ വാർത്തകൾ പ്രവചിക്കുകയുള്ളൂ) എന്നാൽ 'ഏതാണ് നിന്റെ ദീൻ' എന്നചോദ്യം, (നീ ഞങ്ങൾക്ക് ഒരു വിഗ്രഹത്തെ ഏർപ്പെടുത്തിതരണം......) എന്ന അവരുടെ വാക്കിൽനിന്നും മനസ്സിലാക്കാം. (കാരണം, അവർ സ്വയം നിശ്ചയിക്കാതെ പ്രവാചകൻﷺ മതപരമായി നിശ്ചയിച്ചുകൊടുക്കുവാൻ ആവശ്യ പ്പെടുകയാണ്.)
- വേദക്കാരുടെ ചര്യകൾ ബഹുദൈവവിശ്വാസികളുടെ ചര്യക ളെപ്പോലെ അധിക്ഷേപിക്കപ്പെട്ടതാണ്.

- നിരർത്ഥകതയിൽ നിന്നും രാജിയായവന്റെ ഹൃദയത്തിൽ തെല്ലും ബാക്കിയില്ലാത്തവിധം പതിവുസമ്പ്രദായങ്ങളിൽ നിന്ന് തീർത്തും അവൻ മുക്തനായെന്ന് നിർഭയപ്പെടാവതല്ല. കാരണം അവർ (നബിﷺ യോടൊപ്പം ഹുനൈനിലേക്ക് പുറപ്പെട്ട യോദ്ധാക്കൾ) പറഞ്ഞു: ‘‘ഞങ്ങൾ ഈ അടുത്ത് കുഫ്റിനോട് വിടപറഞ്ഞവരാണ്.’’

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**